# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3038

13.07.2015-ൽ മറുപടിയ്ക്ക്

## റോഡപകടങ്ങളും മരണങ്ങളും

**ചോദ്യം**

ശ്രീ.വി.ഡി. സതീശൻ
ശ്രീ.ഐ.സി. ബാലകൃഷ്ണൻ
ശ്രീ.എ.റ്റി. ജോർജ്
ശ്രീ.പി.എ. മാധവൻ

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) റോഡപകടങ്ങളും തുടർന്നുള്ള മരണങ്ങളും കുറഞ്ഞിട്ടുണ്ടോ : വിശദാംശങ്ങൾ എന്തെല്ലാം ;

(എ) റോഡപകടങ്ങളിൽ നേരിയ തോതിൽ വർദ്ധനവും, തുടർന്നുള്ള മരണ നിരക്ക് താരതമ്യേന കുറഞ്ഞും വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :-

| വർഷം | റോഡപകടങ്ങൾ | മരണം |
|---|---|---|
| 2012 | 36,174 | 4,286 |
| 2013 | 35,215 | 4,258 |
| 2014 | 36,282 | 4,049 |

(ബി) ഈ സർക്കാരിന്റെ കാലത്ത് റോഡപകടങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) റോഡപകടങ്ങൾ കുറയ്ക്കാൻ മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധനകൾ നടത്തി വരുന്നുണ്ട്. ഗുരുതര സ്വഭാവമുള്ള അപകടങ്ങളുടെ കണക്കുകൾ ശേഖരിക്കുകയും, ആയതിന്റെ കാരണങ്ങളെപ്പറ്റി വിശദമായി അന്വേഷണം നടത്തിയും,

മൂന്നിലധികം വാഹനാപകട
മരണങ്ങൾ സംഭവിക്കുന്ന സ്ഥലങ്ങൾ
ബ്ലാക്ക് സ്പോട്ട് ആയി
അടയാളപ്പെടുത്തി ബന്ധപ്പെട്ട സബ്
ഡിവിഷണൽ പോലീസ് ഓഫീസർ,
ജോയിന്റ് ആർ.റ്റി.ഒ, പൊതുമരാമത്ത്
വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ്
എൻജിനീയർ എന്നിവർ പരിശോധന
നടത്തി ഈ സ്ഥലങ്ങളിൽ
വാഹനാപകടം ആവർത്തിക്കാതി
രിക്കാനുള്ള നടപടികൾ സ്വീകരിച്ചു
വരുന്നുണ്ട്. പൊതുമരാമത്ത്
വകുപ്പുമായി ചേർന്ന് അനധികൃത
കൈയേറ്റങ്ങൾ ഒഴിപ്പിച്ചും വിദ്യാഭ്യാസ
വകുപ്പും, മോട്ടോർ വാഹന
വകുപ്പുമായി സഹകരിച്ച്
ഡ്രൈവർമാർക്കും, പ്രത്യേകിച്ച്
സ്കൂൾ ബസ് ഓടിക്കുന്ന
ഡ്രൈവർമാർക്കും, കോളേജുകൾ,
സ്കൂളുകൾ കേന്ദ്രീകരിച്ച് എസ്.പി.സി,
എസ്.പി.ജി കേഡറ്റുകൾ രൂപീകരിച്ച്
കുട്ടികൾക്കും അദ്ധ്യാപകർക്കും
വേണ്ടിയും ബോധവൽക്കരണ
ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്